**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4398      13.11.2019-ൽ മറുപടിക്ക്

**ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നിക്ഷിപ്തവനഭൂമി വിതരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; | എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി ലഭിച്ച 7693 ഹെക്ടർ നിക്ഷിപ്ത വന ഭൂമിയിൽ വാസയോഗ്യമായ ഭൂമി പൂർണ്ണമായും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗ മിക്കുന്നു. വിതരണത്തിന് അവശേഷിക്കുന്നതിൽ വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തു ന്നതിനുള്ള സംയുക്ത പരിശോധനയും സർവ്വേ നടപടികളും നടന്നുവരുന്നു. വാസയോഗ്യമെന്ന് കണ്ടെത്തിയ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. |
| ബി) | എത്ര ഏക്കർ വനഭൂമി വിതരണത്തിനായി കേന്ദ്ര സർക്കാരിന്റെയും സുപ്രീംകോടതി യുടെയും അനുമതി ലഭിച്ചു; അതിൽ ഇതിനകം എത്ര ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തു; എത്ര കുടുംബങ്ങൾക്ക് അതിന്റെ ആനുകൂല്യം ലഭിച്ചു; | ബി) | 19002 ഏക്കർ നിക്ഷിപ്ത വനഭൂമിയാണ് വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാരിന്റെയും സുപ്രീം കോടതിയുടെയും അനുമതി ലഭിച്ചത്. അതിൽ ഇതിനകം (കാസർഗോഡ് 75 ഏക്കർ, മലപ്പുറം 25 ഏക്കർ, വയനാട് ജില്ലയിൽ 5954.75 ഏക്കർ (സുഗന്ധഗിരി, പൂക്കോട് പ്രോജക്ട് ഭൂമി ഉൾപ്പെടെ), പാലക്കാട് ജില്ലയിൽ 2625.26 ഏക്കർ (പൊതു ആവശ്യങ്ങൾക്ക് നൽകിയത് ഉൾപ്പെടെ) ആകെ 8680 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കാസർഗോഡ് 150 പേർക്കും മലപ്പുറത്ത് 34 പേർക്കും പാലക്കാട് |

| | | | |
|---|---|---|---|
| | | | ജില്ലയിൽ (1738 ഏക്കർ) 1625 പേർക്കും വയനാട് ജില്ലയിൽ (4298.54 ഏക്കർ) 1379 പേർക്കുമായി ആകെ 3301 പേർക്ക് ഭൂമി ലഭിച്ചിട്ടുണ്ട്. |
| സി) | ശേഷിക്കുന്ന ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | സി) | അവശേഷിക്കുന്ന ഭൂമിയിൽ കാസർഗോഡ് (16.89 ഏക്കർ), കണ്ണൂർ 205 ഏക്കർ എന്നിവ വാസയോഗ്യമല്ല. മലപ്പുറം ജില്ലയിൽ 341.60 ഏക്കർ ഭൂമിയിൽ സംയുക്ത പരിശോധന പൂർത്തീകരിച്ചതിൽ 274.91 ഏക്കർ വാസയോഗ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമി വനം വകുപ്പ് റവന്യൂ വകുപ്പിന് കൈമാറുന്ന നടപടി നടന്നുവരികയാണ്. ടി നടപടി പൂർത്തീകരിച്ച് ഭൂമി വിതരണം ചെയ്യുന്നതാണ്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ 211 പേർക്ക് 169.12 ഏക്കർ ഭൂമി സബ് ഡിവിഷൻ പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മറ്റുള്ള പ്രദേശങ്ങളിൽ സംയുക്ത പരിശോധന നടന്നുവരികയാണ്. വയനാട് ജില്ലയിൽ 249 ഏക്കറിൽ സംയുക്ത പരിശോധന പൂർത്തീകരിച്ച് സർവ്വേ പ്രവർത്തനം നടന്നുവരുന്നു. |
| ഡി) | വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമിയാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ? | ഡി) | വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമിയാണ് വിതരണം ചെയ്യുന്നതെന്ന് സംയുക്ത പരിശോധന നടത്തി ഉറപ്പുവരുത്തുന്നുണ്ട്. സർവ്വേ നടപടി നടക്കുന്ന അവസരത്തിൽ വാസ യോഗ്യമല്ലാത്ത ഭൂമി ഒഴിവാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ